## 15 -ാം കേരള നിയമസഭ

## 5 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4861** **20-07-2022 - ൽ മറുപടിയ്ക്ക്**

## ടൂറിസം മേഖലയിലെ സ്വകാര്യ നിക്ഷേപം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. പി .രാമകൃഷ്ണൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ടൂറിസം മേഖലയിൽ സ്വകാര്യ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി ആവിഷ്കരിച്ചിരിക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് വിനോദ സഞ്ചാര മേഖലയിൽ സ്വകാര്യ പങ്കാളിത്തം ഉറപ്പാക്കാൻ വിവിധങ്ങളായ പദ്ധതികൾ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇതിൽ പ്രധാനപ്പെട്ടവ താഴെ പറയുന്നു.<br><br>**1. കാരവൻ ടൂറിസം.**<br><br>കോവിഡാനന്തര സാഹചര്യത്തിൽ സഞ്ചാരികളെ വരവേൽക്കാനായി മികച്ച പ്രചാരണ പ്രവർത്തനങ്ങൾക്കൊപ്പം സഞ്ചാരികൾക്കായി പുത്തൻ അനുഭവങ്ങളും ഏർപ്പെടുത്തണം എന്ന തീരുമാനത്തിന്റെ ഭാഗമായി ഒരു നവീന ടൂറിസം ഉൽപ്പന്നം എന്ന നിലയിൽ കാരവൻ ടൂറിസം പദ്ധതി നടപ്പാക്കി വരുന്നു. വിനോദസഞ്ചാര മേഖലയിൽ സ്വകാര്യ പങ്കാളിത്തം ഉറപ്പാക്കുക എന്ന ലക്ഷ്യം കൂടി മുൻനിർത്തിയാണ് പദ്ധതി നടപ്പാക്കി വരുന്നത്. കേരളത്തിലെ അധികം അറിയപ്പെടാത്ത ഡെസ്റ്റിനേഷനുകൾ സഞ്ചാരികൾക്ക് അനുഭവവേദ്യമാക്കുക, ടൂറിസം മേഖലയിൽ കൂടുതൽ സ്വകാര്യ നിക്ഷേപം ആകർഷിക്കുക എന്നിവയും പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളാണ്.<br><br>കാരവൻ ടൂറിസത്തിന്റെ ഭാഗമായുള്ള കാരവൻ പാർക്കുകളുടെ നിർമ്മാണത്തിൽ വൻ സ്വകാര്യ പങ്കാളിത്തമാണുള്ളത്. പത്തു കാരവനുകൾ സ്വകാര്യ സംരഭകരുടേതായി സർവീസ് ആരംഭിച്ചു കഴിഞ്ഞു. വാഗമണ്ണിൽ ഒരു കാരവൻ പാർക്ക് കമ്മീഷൻ ചെയ്തു. 5 പാർക്കിന്റെ പണി പുരോഗമിക്കുന്നു. 25 ഓളം കാരവനുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. പുതുതായി 150 കാരവൻ പാർക്കുകൾ നിർമ്മിക്കാൻ സ്വകാര്യ മേഖല തയാറായിട്ടുണ്ട്.<br><br>**2. മാർക്കറ്റിംഗ് മേഖല** |

| | | | |
|---|---|---|---|
| | | | കേരളാ ടൂറിസം മാർക്കറ്റിംഗ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നത് കേരളത്തിൽ ഈ രംഗത്ത് പ്രവർത്തിക്കുന്ന സംരംഭകരുമായി ആലോചിച്ച് അവരുടെ കൂടി അഭിപ്രായം പരിഗണിച്ചാണ്. ഇന്ത്യയ്ക്ക് അകത്തും പുറത്തും കേരളത്തിലെ വിനോദസഞ്ചാരം ലക്ഷ്യമിട്ട് കൂടുതൽ വിനോദസഞ്ചാരികളെ നമ്മുടെ സംസ്ഥാനത്തേക്ക് ആകർഷിക്കുന്നതിന് വേണ്ടി പാർട്ടണർഷിപ്പ് മീറ്റുകൾ സംഘടിപ്പിച്ചുവരുന്നു. കൂടാതെ കേരളാ ടൂറിസം പങ്കെടുക്കുന്ന ദേശീയ അന്തർദ്ദേശീയ ടൂറിസം മേളകളിലും കേരളത്തിലെ സ്വകാര്യ സംരംഭകർ കൂടി കേരളാ പവലിയന്റെ ഭാഗമായി പങ്കെടുത്തു വരുന്നു. ഈ വർഷം കൊച്ചിയിൽ നടന്ന കേരളാ ട്രാവൽ മാർട്ട്, പൊതു സ്വകാര്യ പങ്കാളിത്തത്തോടെയാണ് നടത്തിയത്. 234- വിദേശ ബയറർമാരും 897- ആഭ്യന്തര ബയറർമാരും ഉൾപ്പെടെ 1200-ഓളം പേർ ഈ വർഷത്തെ കേരളാ ട്രാവൽമാർട്ടിൽ പങ്കെടുത്തു.<br><br>**<u>3. അടിസ്ഥാന സൗകര്യ വികസനം</u>**<br><br>വിനോദസഞ്ചാര വികസനം ലക്ഷ്യമിട്ട് വിനോദസഞ്ചാര കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യ വികസനം വകുപ്പ് ചെയ്തു വരുന്നുവെങ്കിലും ഇങ്ങനെ പൂർത്തിയാക്കിയ അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ നടത്തിപ്പ് ചുമതല സ്വകാര്യ സംരംഭകരുമായി സഹകരിച്ചാണ് നടത്തി വരുന്നത്. ചടയമംഗലത്ത് ഉള്ള ജടായു ടൂറിസം പദ്ധതി, കോവളം ക്രാഫ്റ്റ് വില്ലേജ്, ഇരിങ്ങൽ ക്രാഫ്റ്റ് വില്ലേജ് എന്നിവ പൊതു-സ്വകാര്യ പങ്കാളിത്ത മോഡലിൽ നടപ്പിലാക്കി വരുന്ന പദ്ധതികളാണ്. |
| (ബി) | പ്രസ്തുത മേഖലയിലെ നിക്ഷേപങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി വകയിരുത്തിയിരിക്കുന്ന ഫണ്ടിന്റെ വിശദാംശം അറിയിക്കാമോ; | (ബി) | 3432-80-800-90(26)-33 Incentive for creation of Infrastructure facilities and Tourism products in Private sector- Subsidies എന്ന ശീർഷകത്തിൽ 2022-23 വർഷം 16 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (സി) | ടൂറിസം കേന്ദ്രങ്ങളിലെ പൈതൃക കെട്ടിടങ്ങൾ സംരക്ഷിക്കുന്നതിനായി വകുപ്പ് സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ? | (സി) | ടൂറിസം കേന്ദ്രങ്ങളിലെ പൈതൃക കെട്ടിടങ്ങൾ സംരക്ഷിക്കുന്നതിനായി വകുപ്പ് താഴെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചു വരുന്നു.<br><br>**<u>1.മുസിരീസ് പൈതൃക പദ്ധതി</u>** :<br><br>ഐതിഹാസിക തുറമുഖങ്ങളുടെ പൈതൃക അവശേഷിപ്പുകൾ പുനരുജ്ജീവിപ്പിക്കുന്നതിനായി സംസ്ഥാനസർക്കാർ ടൂറിസം വകുപ്പിന്റെ കീഴിൽ 2009 ൽ രൂപം നൽകിയ ആദ്യത്തെ പൈതൃകസംരക്ഷണ പദ്ധതിയാണ് മുസിരിസ് |

പൈതൃകപദ്ധതി. വിനോദം മാത്രമല്ല പൈതൃകസംരക്ഷണം, പുന:സ്ഥാപനം, ചരിത്രപഠനം, പരിസ്ഥിതി സംരക്ഷണം, ഗവേഷണം, കരകൗശല-കലാരൂപങ്ങളുടെ വികസനം, പരമ്പരാഗത തൊഴിലുകൾ, മറ്റ് സാമൂഹിക-സാംസ്കാരിക പ്രവർത്തനങ്ങൾ എന്നിവയിലും ഒരു വലിയമാറ്റം വരുത്തുക എന്ന സുപ്രധാന ഉദ്ദേശലക്ഷ്യങ്ങൾ ഉൾക്കൊള്ളുന്ന ഈ പദ്ധതി നിലവിൽ ഇന്ത്യയിലെ പൈതൃക സംരക്ഷണ പ്രവർത്തനങ്ങൾക്ക് മാതൃകയാണ്.

**2. ആലപ്പുഴ പൈതൃക പദ്ധതി**

ആലപ്പുഴയിൽ നിലനിൽക്കുന്ന തുറമുഖം, കടൽപ്പാലം, കനാലുകൾ, ചരിത്രം വിളിച്ചോതുന്ന നൂറ്റാണ്ടുകളുടെ കഥ പറയുന്ന സ്മാരകങ്ങൾ, ആരാധനാലയങ്ങൾ, കയർ ഫാക്ടറികൾ, എന്നിവയുടെ പുനരുദ്ധാരണവും ആലപ്പുഴ പട്ടണത്തിന്റെ പഴയ പ്രതാപം വീണ്ടെടുക്കുവാനുള്ള സമഗ്രമായ ശ്രമവുമാണ് ആലപ്പുഴ പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്.

3.**തലശ്ശേരി പൈതൃക ടൂറിസം പദ്ധതി**

പഴയ തലശ്ശേരിയുടെ പൗരാണികവും സാമൂഹ്യവും സാംസ്കാരികവും ചരിത്രപരവുമായ മൂല്യങ്ങൾ പുതിയ തലമുറയ്ക്ക് പരിചയപ്പെടുത്തുക വഴി തലശ്ശേരിയെ ഒരു പൈതൃക കേന്ദ്രമാക്കുക എന്ന ലക്ഷ്യവുമായാണ് വിനോദസഞ്ചാര വകുപ്പ് തലശ്ശേരി പൈതൃക പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്

4.**ട്രാവൻകൂർ ഹെറിറ്റേജ് പദ്ധതി**

തിരുവിതാംകൂറിന്റെ ചരിത്ര പ്രധാന്യം വ്യക്തമാക്കുന്ന സ്ഥലങ്ങളെ കൂട്ടിയിണക്കി പൈതൃക സർക്യൂട്ട് ആരംഭിക്കുന്നതിനാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. തിരുവിതാംകൂറിന്റെ ചരിത്രപ്രാധാന്യമുള്ള എല്ലാ സ്ഥലങ്ങളും ഉൾപ്പെടുത്തി പദ്ധതി രൂപരേഖ തയ്യാറാക്കുവാനാണ് ടൂറിസം വകുപ്പ് ലക്ഷ്യമിടുന്നത്. ഈ പദ്ധതിയുടെ ആദ്യ ഘട്ടം എന്ന നിലയിൽ തലസ്ഥാന നഗരിയിലെ പൈതൃക കെട്ടിടങ്ങൾ അവയുടെ പൗരാണികതയും വാസ്തുവിദ്യയും വെളിവാകത്തക്ക വിധത്തിൽ ദീപാലംകൃതമാക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു. തലസ്ഥാന നഗരിയിലെ വിവിധ 30 പൈതൃക കെട്ടിടങ്ങളെ ഉൾപ്പെടുത്തി 5 സോണുകളിലായി 35.60 കോടി രൂപയ്ക്കാണ് ഭരണാനുമതി നല്കിയിട്ടുള്ളത്.

സെക്ഷൻ ഓഫീസർ